me that no such steps would be taken in future. Those encroachers who have encroached recently have been evicted. He will take necessary action not to discriminate between Malayalees and Tamilians. He was very much serious and desirous of maintaing the present cordial relations between the two States. He has also requested me not to make any public statements which would worsen the situation further. I would request the Speaker that such discussions which may lead this House to say something against the Tamil Nadu Government may not be continued.

Mr. Speaker : There is nothing against the Tamil Nadu Government. തമിഴ്നാട് ഗവണ്മെൻറിനെതിരായ ഒന്നും ഇല്ല. മലയാളികളെ കുടിയിറക്കുന്നുവെന്നുള്ളതിന് സ്വാഭാവികമായും മലയാളികളായ നമുക്ക് ആശങ്കയുണ്ട് പക്ഷേ തമിഴ്നാട് ഗവണ്മെൻറിനെതിരായി യാതൊന്നും ഇല്ലതന്നെ. ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തു.....

ശ്രീമതീ കെ. ആർ. ഗൗരി : സർ, എഴുത്തു് എഴുതിക്കഴിഞ്ഞു. ഞാൻ ഡൽഹിക്കു പോയപ്പോൾ സംസാരിക്കാമെന്നാണു് വിചാരിച്ചിരുന്നതു്. മുഖ്യമന്ത്രി ഡൽഹിയിൽ വന്നില്ല. അതുകൊണ്ടു് ഗവണ്മെൻറു് പിന്നെയും ഇക്കാര്യം പരിഗണനയിലെടുക്കും. പുതിയ ആളുകളെ മാത്രം ഒഴിപ്പിക്കുന്നുവെന്നു പറഞ്ഞതു ശരിയല്ല. അതു് എന്തോ തെറ്റിദ്ധാരണകൊണ്ടു പറഞ്ഞതാണു്. പുതിയ ആളുകളെ മാത്രമല്ല, പഴയ ആളുകളെയും ഒഴിപ്പിക്കുന്നുണ്ടു്. അതുകൊണ്ടു് ഗവണ്മെൻറു് ആ കാര്യത്തിൽ നടപടി എടുക്കും.

ശ്രീ. എം. എം. തോമസ് : രണ്ടു മൂന്നു ദിവസത്തിനകം നടപടിയെടുത്തില്ലെങ്കിൽ എന്തെങ്കിലും സംഭവിക്കും.

ശ്രീ. ഇ. അഹമ്മദു് : ബഹുമാനപ്പെട്ട റവന്യൂമന്ത്രി മദ്രാസുവരെപോയി കൺസൾറ്റു് ചെയ്യുന്നതു നന്നായിരിക്കും.

മി. സ്പീക്കർ : ബഹുമാനപ്പെട്ട റവന്യൂമന്ത്രി അടിയന്തിരമായനടപടിയെടുക്കാമെന്നു് ഉറപ്പുനൽകിയിരിക്കുന്ന സ്ഥിതിക്കു് അടിയന്തിരപ്രമേയത്തിനു് അനുമതി നൽകുന്നില്ല

6. CALLING ATTENTION UNDER RULE 61

Closure of the Spinning Mills, at Cannannore

മി. സ്പീക്കർ: കണ്ണൂർ സ്പിന്നിംഗ് മിൽ പൂട്ടിയിട്ടതിനെസംബന്ധിച്ചു് ശ്രീ ഇ. അഹമ്മദു് റൂൾ 61 അനുസരിച്ചു് ഒരു നോട്ടീസ് നൽകിയിട്ടുണ്ടു്.

ശ്രീ. ഇ. അഹമ്മദു് : സർ, കണ്ണൂർ സ്പിന്നിംഗ്മിൽ ജൂൺ 13-ാം തീയതി മുതൽ പൂട്ടിയിട്ടിരിക്കുകയാണു്. തൊള്ളായിരത്തിൽപ്പരം പേർ ജോലിചെയ്തിരുന്ന സ്ഥാപനമാണു്. അതു പൂട്ടിയിട്ടതു തൊഴിൽക്കുഴപ്പം കാരണമായിട്ടല്ല.

മി. സ്പീക്കർ: എളുപ്പം പറയണം.

ശ്രീ ഇ. അഹമ്മദു് : വേഗം പറയാം സർ. സാമ്പത്തിക ക്ലേശത്തിൻറെ പേരിലാണു് അതു പൂട്ടിയിട്ടിരിക്കുന്നതു്. 117 ദിവസമായി തൊള്ളായിരത്തിൽപ്പരം തൊഴിലാളികൾ പട്ടിണിയിലും കഷ്ടപ്പാടിലും നൈരാശ്യത്തിലും കഴിയുകയാണു്. ബഹുമാനപ്പെട്ട വ്യവസായ മന്ത്രി 10 ലക്ഷം കയുടെ ബാങ്ക് ഗാരണ്ടി കൊടുക്കുന്നതു സംബന്ധിച്ചു് നടപടിയെടുക്കാമെന്നു പറഞ്ഞിട്ടുണ്ടു്. എങ്കിലും നടപടിയെടുത്തു കാണാത്തതിൽ തൊഴിലാളികൾക്കും പൊതുജനങ്ങൾക്കുമുള്ള വികാരങ്ങളെ ഗവണ്മെ

LIBRARY ARCHIVES Kerala Legislative Assembly

നിന്റെ ശ്രദ്ധയിൽപ്പെടുത്താനാണു് ഞാൻ ഈ പ്രശ്നം ഉന്നയിച്ചതു്. അതുകൊണ്ടു് ഇക്കാര്യത്തിൽ അടിയന്തിരമായ നടപടി ഗവണ്മെന്റു് എടുക്കണമെന്നു് അഭ്യർത്ഥിക്കുകയാണു്.

വ്യവസായമന്ത്രി (ശ്രീ ടി. വി. തോമസു്) : സർ, കണ്ണൂർ സ്പിന്നിംഗ് മിൽ പൂട്ടിയിട്ടിരിക്കുകയാണെന്നുള്ളതു് ശരിയാണു്. എന്നാൽ അതിലെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മെംബർമാർ ശരിക്കു മനസ്സിലാക്കിയിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുകയാണു്. ഈ മില്ലിന്റെ മറ്റൊരു യൂണിറ്റു് മാഹിയിൽ പ്രവർത്തിക്കുകയാണു്. അങ്ങനെ രണ്ടു സ്റ്റേറ്റിൽ പ്രവർത്തിക്കുന്ന രണ്ടു യൂണിറ്റുകളും ഒരു സ്ഥാപനത്തിന്റെ കീഴിൽ ആയതുകൊണ്ടു് ഈ ഗവൺമെന്റിനു് ഫലപ്രദമായി നടപടികളും നടത്തുന്നതിനു് ബുദ്ധിമുട്ടുണ്ടു്. രണ്ടാമതു്, ഈ മില്ലിന്റെ ആസ്തികളും മുഴുവൻ ഇൻഡ്യൻ ഫൈനാൻസു് കാർപ്പറേഷനിൽ പ്ലെഡ്ജു് ചെയ്തിരിക്കുകയാണു്. സാമ്പത്തികസഹായം ചെയ്യണമെങ്കിൽ സെക്കൻഡു് ചാർജ്ജു് മാത്രമേ കിട്ടുകയുള്ളു സെക്കൻഡു് ചാർജ്ജു് വാങ്ങുന്നതിനുതന്നെ ഫസ്റ്റു് ചാർജ്ജു് കാരനായ കാർപ്പറേഷന്റെ സമ്മതവും വേണം. സമ്മതം ലഭിക്കുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. അതുമാത്രമല്ല ഈ മില്ലിന്റെ ഡയറക്ടർമാർ തമ്മിൽ അഭിപ്രായ വ്യത്യാസമുള്ളതുകൊണ്ടു്, സാമ്പത്തികസഹായത്തിനുള്ള ഉറപ്പായി ഗാരണ്ടി നൽകാൻ ഡയറക്ടർമാർ എല്ലാവരുംതന്നെ തയ്യാറാകുകയുമില്ല. ഏതായാലും 10 ലക്ഷം രൂപ ലോൺ ആയി കൊടുക്കാൻ ഫാൻഡുലും ഫൈനാൻസുകോർപ്പറേഷനു സാധിക്കുമോ എന്നു നോക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടു്. ഇൻഡ്യൻ ഫൈനാൻസു് കാർപ്പറേഷന്റെ സമ്മതത്തോടുകൂടി സെക്കൻഡു് ചാർജ് വാങ്ങി ഗാരണ്ടി കൊടുക്കുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. വേഗതയോടുകൂടിയും ആത്മാർത്ഥമായും ഇക്കാര്യത്തിൽ ഗവണ്മെന്റു് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്. ഒന്നോ രണ്ടോ ആഴ്ചകളിൽ ഒരു തീരുമാനത്തിലെത്താൻ സാധിക്കുമെന്നാണു് ഗവണ്മെന്റിന്റെ പ്രതീക്ഷ. ഇത്രമാത്രമാണു് ഇതേപ്പറ്റി ഈയവസരത്തിൽ പറയാനുള്ളതു്

7. PAPERS LAID ON THE TABLE

Revenue Minister (**Smt: K. R. Gouri**) : Sir, I lay on the table:

(a) a copy of the Notification No. 19160/D4/68/RD dated 22nd October, 1968 (S. R. O. No. 414/68) issued by the Government under section 7 of the Kerala Land Assignment Act, 1960 (30 of 1960) containing amendment to the Rules for the Lease of Government Lands for Cardamom Cultivation, 1961.

(b) A copy of the G. O. MS. 376/69/RD dated 30th July 1969 (S.R.O. No. 315/69) issued by the Government under clause (a) of sub-section (1) of section 9 of the Kerala Stamp Act, 1959 (17 of 1959).

Transport Minister (**Shri E. K. Imbichi Bava**) : I lay on the Table.

(a) A copy of the Notification G. O. (P) 13/69/Plg. dated 16th July 1969 (S R.O. No. 289/69) issued by the Government under sub-section (1) of section 2 of the Kerala Public Services Act, 1968 (19 of 1968) containing amendments to Special Rules in respect of the Kerala Statistics and Economics Service.

(b) A copy each of the following Notifications issued by the Government under section 68 of the Motor Vehicles Act, 1939 (Central Act 4 of 1939).

(i) Notification G.O. (P) No. 36/PW dated 21st February 1969 (S.R.O. No. 102/69).

LIBRARY ARCHIVES Kerala Legislative Assembly